പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2664 21.06.2012- ൽ മറുപടിക്ക്

## വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പുനരുദ്ധാരണ പ്രവൃത്തികളുടെ ബിൽ തുക നൽകാൻ കാലതാമസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം അവയുടെ ബിൽ സമർപ്പിച്ച് കഴിഞ്ഞാൽ അനുവദിച്ചിട്ടുള്ള തുക ലഭ്യമാകുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്രയും കാലതാമസം വരുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ; കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ ; | (ബി) | പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 25% സംസ്ഥാന വിഹിതവും 75% കേന്ദ്ര സഹായവും വഴി രൂപീകൃതമായിട്ടുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (എസ്.ഡി.ആർ.എഫ്) ൽ നിന്നാണ് വെള്ളപ്പൊക്കക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നത്. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കുമ്പോൾ ജില്ലാ കളക്ടർ ആവശ്യപ്പെടുന്ന മുറക്കാണ് സർക്കാർ ഫണ്ട് അനുവദിക്കുന്നത്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും തുക നൽകുമ്പോൾ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ അപേക്ഷയിന്മേൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി അവരുമായി വീഡിയോ കോൺഫറൻസിംഗ് വഴി ചർച്ച നടത്തിയിട്ടേ പലപ്പോഴും തുക അനുവദിക്കാറുള്ളൂ. ഇപ്രകാരം തുക അനുവദിക്കുന്നതിനുള്ള കാലതാമസമാണ് പലപ്പോഴും ബിൽ മാറി തുക ലഭ്യമാക്കാൻ താമസിക്കാൻ കാരണം. ഇപ്രകാരം കാലതാമസം ഒഴിവാക്കുവാനും ജില്ലാ കളക്ടർമാർ അതുവരെ ചെലവഴിച്ച തുകയ്ക്കുള്ള സാക്ഷ്യപത്രം സഹിതം ആവശ്യപ്പെടുന്ന മുറയ്ക്ക് തന്നെ തുക ലഭ്യമാക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ബിൽ തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നതിനാൽ കരാറുകാർ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ വിമുഖത കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം ബിൽ സമർപ്പിച്ചിട്ടുള്ളവരിൽ ഏത് തീയതി വരെയുള്ളവർക്കാണ് തുക ലഭ്യമാക്കിയിട്ടുള്ളത് ; | (ഡി) | തിരുവനന്തപുരം ജില്ലയിൽ ബിൽ സമർപ്പിച്ചിട്ടുള്ളവരിൽ 2011 ഏപ്രിൽ മാസം വരെയുള്ളവർക്ക് തുക നൽകിയിട്ടുണ്ട്. |
| (ഇ) | ഇനി എത്ര പ്രവൃത്തികൾക്കായി എത്ര തുക നൽകുവാനുണ്ട് ; വിശദമാക്കാമോ ? | (ഇ) | ഇനി 130 പ്രവൃത്തികൾക്കായി 4 കോടിയോളം രൂപ നൽകുവാനുണ്ട്. അപ്രോപ്പ്രിയേഷൻ ബിൽ നിയമസഭയിൽ പാസാകുന്ന മുറയ്ക്ക് ഇതിനാവശ്യമായ തുക ജില്ലാ കളക്ടർക്ക് അനുവദിച്ചു നൽകും. |

സെക്ഷൻ ഓഫീസർ